ജയിലുകളിൽ ഉണ്ടായ സംഘട്ടനങ്ങൾ

87 (743)ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ജയിലുകളിൽ തടവുകാർ തമ്മിലും തടവുകാരും ജയിൽ ഉദ്യോഗസ്ഥരും പോലീസുകാരും ഉൾപ്പെടെ എത്ര സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഏതെല്ലാം ജയിലുകളിൽ ഇതുമൂലം എത്ര തടവുകാർ മരണപ്പെട്ടു എന്നും അറിയിക്കുമോ?

ഉത്തരം

(എ) തടവുകാർ തമ്മിൽ 7 സംഘട്ടനങ്ങളും, തടവുകാരും ജയിൽ ഉദ്യോഗസ്ഥരും തമ്മിൽ 3 സംഘട്ടനങ്ങളും തടവുകാരും പോലീസ് ഉദ്യോഗസ്ഥരും തമ്മിൽ ഒരു സംഘട്ടനവും ഉണ്ടായിട്ടുണ്ട്.

(ബി) സംഘട്ടനത്തിൽ തടവുകാർ ആരും തന്നെ മരണപ്പെട്ടിട്ടില്ല.

പാറശ്ശാലയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി

88 (744)ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാലയിൽ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിന് പാറശ്ശാല ഗ്രാമപഞ്ചായത്ത് ആവശ്യമായ സ്ഥലം കൊടുത്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കി ഇക്കൊല്ലംതന്നെ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ തീരുമാനം എടുത്തിട്ടില്ല.

വടക്കാൻചേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി

89 (745)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂചലന പ്രദേശമായ തലപ്പിള്ളി താലൂക്കിന്റെ ആസ്ഥാനമായ വടക്കാഞ്ചേരിയിലേക്ക് അനുവദിച്ചിട്ടുള്ള ഫയർ സ്റ്റേഷൻ എന്നുമുതൽ പ്രവർത്തനം തുടങ്ങുമെന്ന് അറിയിക്കുമോ;

(ബി) വടക്കാൻചേരിയിലേക്ക് ഫയർ സ്റ്റേഷൻ അനുവദിച്ചിട്ടും ഇത് തുറന്നു പ്രവർത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) തുടർച്ചയായി ഭൂചലനം അനുഭവപ്പെടുന്ന ഈ പ്രദേശത്തിന്റെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് ഫയർസ്റ്റേഷൻ ഉടൻ പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly